# Malayala Manorama

## 18 August 2018

## Aluva, Angamali, Flood,Rescue, Pregnant Women



# പ്രളയത്തിരയിൽ പൊൻപിറവികൾ

■ ഹെലികോപ്റ്ററിൽ രക്ഷിച്ച യുവതിക്ക് ആശുപത്രിയിൽ സുഖപ്രസവം; വെള്ളത്താൽ ചുറ്റപ്പെട്ട വീട്ടിൽ മറ്റൊരു ജനനം

കൂടെയുണ്ട്, നാട്

നമ്മൾ അതിജീവിക്കും

**മനോരമ ലേഖകർ**

മഹാപ്രളയത്തിന്റെ ദുരന്തത്തിരകൾക്കിടയിൽ, പ്രതീക്ഷയുടെ പൊൻനാളമായി രണ്ടു പിറവികൾ! ആലുവയിൽ നാവികസേനാ ഹെലികോപ്റ്ററിൽ രക്ഷിച്ച് ആശുപത്രിയിലെത്തിച്ച യുവതിയും അങ്കമാലിയിൽ വെള്ളത്താൽ ചുറ്റപ്പെട്ട വീടിനുള്ളിൽ അകപ്പെട്ട യുവതിയും ഇന്നലെ അമ്മമാരായി - രണ്ടും ആൺകുഞ്ഞുങ്ങൾ.

ആലുവയിൽ കെട്ടിടത്തിനു മുകളിലാണു പൂർണഗർഭിണിയായ സാജിദ ജബീൽ (25) കുടുങ്ങിയത്. നാവികസേനാ ഹെലികോപ്റ്ററിലേക്കു ബെൽറ്റിൽ കെട്ടി സാജിദയെ ഉയർത്തിയെടുത്തു. രാവിലെ ഒൻപതരയോടെ നാവികസേനയുടെ സഞ്ജീവനി ആശുപത്രിയിലെത്തിച്ച സാജിദ ഉച്ചയ്ക്കു 2.12നു പ്രസവിച്ചു.

മലയാളിയായ വിജയ് വർമയാണു കോപ്റ്റർ പറത്തിയത്. സർജൻ ലഫ്.കമാൻഡർ തമന്ന വൈ.ഷേണായ്, ഡോ.ലഫ്.അമോദ് എസ്. ധാഗെ, മിലിട്ടറി നഴ്സ് ലഫ്.കേണൽ സിമി നായർ എന്നിവരാണു സാജിദയ്ക്കു സഹായവുമായി ഒപ്പമുണ്ടായിരുന്നത്. അമ്മയും കുഞ്ഞും സുഖമായിരിക്കുന്നു.

അങ്കമാലി പാലയ്ക്കൽ വീട്ടിൽ മാർട്ടിന്റെ ഭാര്യ പറവൂർ ആലങ്ങാട് നീറിക്കോട് കൊടുവഴങ്ങ കൈതാരൻ വീട്ടിൽ നീതു മാർട്ടിൻ (26) ഇന്നലെ രാവിലെ 10.40ന് ആണ് ആൺകുഞ്ഞിനു ജന്മം നൽകിയത്. വെള്ളത്താൽ ചുറ്റപ്പെട്ട നീതുവിന്റെ വീട്ടിലേക്കു കൂനമ്മാവ് നീറിക്കോട് പീടികപ്പടി സെന്റ് സെബാസ്റ്റ്യൻസ് പള്ളി പാരിഷ് ഹാളിലെ ദുരിതാശ്വാസ ക്യാംപിൽനിന്നാണു കളമശേരി മെഡിക്കൽ കോളജിലെ ഡോ.റെജിയുടെ നേതൃത്വത്തിലുള്ള സംഘം എത്തിയത്. മെഡിക്കൽ വിദ്യാർഥിനി ബെൻസി, കരുമാലൂർ പ്രാഥമികാരോഗ്യകേന്ദ്രം ജൂനിയർ ഹെൽത്ത് നഴ്സ് ലിസമ്മ എന്നിവർക്കൊപ്പം ആശാ പ്രവർത്തകരുമുണ്ടായിരുന്നു. നാട്ടുകാരും സന്നദ്ധപ്രവർത്തകരുമാണു വൈദ്യസംഘത്തെ വഞ്ചിയിൽ വീട്ടിലെത്തിച്ചത്.

**ഇതെന്റെ ജീവൻ:** പൂർണ ഗർഭിണിയായ സജിത ജബീലിനെ ഹെലികോപ്റ്ററിൽ രക്ഷപ്പെടുത്തുന്നു. പിന്നീട് നാവികസേനയുടെ ആശുപത്രിയിൽ പ്രസവത്തിനു ശേഷം കുഞ്ഞുമായി സജിത.